"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആയുഷ് വകുപ്പ് -ഭാരതീയ ചികിത്സാവകുപ്പ് -തൃശ്ശൂർ ജില്ലയിലെ പുന്നയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ഹസീന ബീവി.ജെ യ്ക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2021/AYUSH   തീയതി,തിരുവനന്തപുരം, 18/10/2021

---

പരാമർശം:-

1. 02.12.1991- ലെ ജി .ഒ .(പി )36/91/P&ARD
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 10.02.2021ലെ ഇ2-215/2021 നം.കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 8.07.2021 ലെ DCTVM/2902/2021-S6 നം.കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ഹസീന ബീവി.ജെ തൃശ്ശൂർ ജില്ലയിൽ 5 വർഷസേവനം പൂർത്തീകരിച്ചിട്ടില്ലായെന്നും ടിയാൾ വിവാഹ മോചിതയാണെന്നും ടിയാളുടെ മാതാവ് അർബുദ രോഗബാധിതയായതിനാൽ മാതാവിന്റെ ചികിത്സയ്ക്കായും കുടുംബത്തിന്റെ സംരക്ഷണം ടിയാളുടെ ചുമതലയിൽ ആയതിനാലുമാണ് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതിനാൽ മാനുഷിക പരിഗണന കണക്കിലെടുത്ത് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും പരാമർശം-2 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. ഭാരതീയ ചികിത്സാ വകുപ്പിൽ തൃശ്ശൂർ ജില്ലയൽ പുന്നയൂർ ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2ആയി ജോലി ചെയ്തു വരുന്ന ശ്രീമതി ഹസീന ബീവി ജെ. നെടുമങ്ങാട് വില്ലേജിൽ കൊപ്പം ഷാലിമാർ ബംഗ്ലാവിൽ താമസിച്ചു വരുന്നതായും ടിയാളുടെ പിതാവ് അപകടത്തെ തുടർന്ന് ചികിത്സയിലും മാതാവ് ക്യാൻസർ രോഗിയും ആണെന്ന് അറിയിച്ചിട്ടുണ്ടെന്നും അപേക്ഷക 2016 ൽ കോടതി മുഖേന വിവാഹബന്ധം വേർപ്പെടുത്തിയ ആളും ഏഴ് വയസ്സ് പ്രായമുള്ള പെൺകുട്ടിയുടെ മാതാവുമാണെന്നും വൃദ്ധരായ മാതാപിതാക്കളുടെ ചികിത്സയ്ക്കും മകളുടെ സംരക്ഷണത്തിനും അപേക്ഷകയുടെ സാന്നിദ്ധ്യം ആവശ്യമാണെന്ന് കാണുന്നതിനാൽ അപേക്ഷകയുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ

അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2, ശ്രീമതി ഹസീന ബീവി ജെ. -യ്ക്ക് മാനുഷിക പരിഗണന നൽകി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് തൃശ്ശൂർ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Baiju G
Date: 18-10-2021 16:13:17
Reason: Approved
സെക്ഷൻ ഓഫീസർ

ഡയറക്ടർ,ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം),തൃശ്ശൂർ/തിരുവനന്തപുരം
ശ്രീമതി. ഹസീന ബീവി.ജെ, ഫാർമസിസ്റ്റ് ഗ്രേഡ്-2, സർക്കാർ ആയുർവേദ ഡിസ്പെൻസറി,പുന്നയൂർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്.(ഇനം.നം.316 തീയതി 13.10.2021)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 13-10-2021

ഫയൽ നം. എ1/477/2020-ആയുഷ്. ഇനം നം: 316

വിഷയം : ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി. ഹസീന ബീവി ജെ-യ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

PA issue order
16/10/2021

DS
(AYUSH)

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/477/2020-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഭാരതീയ ചികിത്സാ വകുപ്പ്-ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി ഹസീന ബീവി ജെ.-യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.09.2021 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | ഇല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ വി. |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ. ഖൊബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.10.2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.10.2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11.10.2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12.10.2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഹസീന ബീവി.ജെ യ്ക്ക് തൃശ്ശൂർ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീമതി ഹസീന ബീവി.ജെ തൃശ്ശൂർ ജില്ലയിൽ 5 വർഷ സേവനം പൂർത്തീകരിച്ചിട്ടില്ല. ടിയാൾ വിവാഹ മോചിതയാണ്. ടിയാളുടെ മാതാവ് അർബുദ രോഗബാധിതയായതിനാൽ മാതാവിന്റെ ചികിത്സയ്ക്കായും കുടുംബത്തിന്റെ സംരക്ഷണം ടിയാളുടെ ചുമതലയിൽ ആയതിനാലുമാണ് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ഒരു ഒഴിവ് ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ടി തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ ടിയാളുടെ അപേക്ഷ അനുകമ്പാർഹമായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകി ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ, സ്ഥലംമാറ്റം അനുവദിക്കുന്ന പക്ഷം ടിയാൾക്ക് പ്രസ്തുത ഒഴിവിൽ നിയമനം നൽകാമെന്നും ആയതിനാൽ ഹസീന ബീവി.ജെ യ്ക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പു ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട് .

3. 02.12.1991- ലെ ജി.ഒ.(പി) 36/91/P&ARD ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം മാനുഷിക പരിഗണന അർഹിക്കുന്ന കേസുകളിൽ അഞ്ചുവർഷത്തെ സേവന വ്യവസ്ഥയിൽ ഇളവ് വരുത്തണമെങ്കിൽ മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. അതും സ്ഥലംമാറ്റത്തിനുള്ള ആവശ്യകത വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമർപ്പിക്കേണ്ടത്.

4. ഭാരതീയ ചികിത്സാ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ പുന്നയൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ആയി ജോലി ചെയ്തു വരുന്ന ശ്രീമതി ഹസീന ബീവി നെടുമങ്ങാട് വില്ലേജിൽ കൊപ്പം ഷാലിമാർ ബംഗ്ലാവിൽ താമസിച്ചു വരുന്നതായും ടിയാളുടെ പിതാവ് അപകടത്തെ തുടർന്ന് ചികിത്സയിലും മാതാവ് ക്യാൻസർ രോഗിയും ആണെന്ന് അറിയിച്ചിട്ടുണ്ടെന്നും അപേക്ഷക 2016 ൽ കോടതി മുഖേന വിവാഹബന്ധം

വേർപ്പെടുത്തിയ ആളും ഏഴ് വയസ്സ് പ്രായമുള്ള പെൺകുട്ടിയുടെ മാതാവുമാണെന്നും വൃദ്ധരായ മാതാപിതാക്കളുടെ ചികിത്സയ്ക്കും മകളുടെ സംരക്ഷണത്തിനും അപേക്ഷകയുടെ സാന്നിദ്ധ്യം ആവശ്യമാണെന്ന് കാണുന്നതിനാൽ അപേക്ഷയുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി ഹസീന ബീവി.ജെ-യ്ക്ക് മാനുഷിക പരിഗണന നൽകി നിലവിലുള്ള വ്യവസ്ഥകൾക്ക് ഇളവ് നൽകി തൃശ്ശൂർ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ഹസീന ബീവി.ജെ യ്ക്ക് 02.12.1991 സ.ഉ(പി)നം. 36/91/ P&ARD നം. ഉത്തരവിലെ ഖണ്ഡിക 5-ലെ വ്യവസ്ഥ പ്രകാരം മാനുഷിക പരിഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റത്തിന് അഞ്ചുവർഷം സേവനം പൂർത്തിയാക്കണമെന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തൃശ്ശൂർ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാമോ?